# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1510      13/06/2014-ൽ മറുപടിയ്ക്ക്

## ജൈവകൃഷി പ്രോത്സാഹനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ | **ശ്രീ . കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കൃഷി വകുപ്പിന്റെ ചുമതലയിൽ ജൈവ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ; | എ) കേരളത്തിലെ ജൈവ കൃഷി വികസനത്തിന് സംസ്ഥാന സർക്കാർ വിവിധ സഹായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. 10.02.2010 ലെ സർക്കാർ ഉത്തരവ് നം.39/2010/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവ കൃഷി വ്യാപനത്തിനായി ജൈവ കാർഷിക നയം പ്രഖ്യാപിച്ചിട്ടുണ്ട്. 2012-13-ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി ജില്ലയിലെ 38 പഞ്ചായത്തുകളിലും, 3 മുനിസിപ്പാലിറ്റികളിലുമുള്ള 41 കൃഷി ഭവനുകളിലും കർഷകരുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകരുടെ ഡാറ്റബേസ് തയ്യാറാക്കി മണ്ണിന്റെ പോഷക സംരക്ഷണം, ജൈവവള നിർമ്മാണം, ജൈവ രീതിയിൽ കീടരോഗ നിയന്ത്രണം, ഉൽപ്പന്ന സംഭരണം, സംസ്ക്കരണം, വിപണനം, തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കർഷകർ ഉൽപാദിപ്പിക്കുന്ന ജൈവ വിഭവങ്ങൾ വിപണനം നടത്തുന്നതിന് 6 ഇക്കോ ഷോപ്പുകൾ ആരംഭിച്ചു. കാർഷിക വിളകളെ ആക്രമിക്കുന്ന കീടങ്ങളെ എതിർ പ്രാണികളെ ഉപയോഗിച്ച് നിയന്ത്രിക്കുന്നതിനുള്ള പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി 48 ലക്ഷം രൂപ വിനിയോഗിച്ചു. കേന്ദ്ര കിഴങ്ങു വർഗ്ഗ ഗവേഷണ കേന്ദ്രം മരച്ചീനി ഇലയിൽ നിന്നും വികസിപ്പിച്ചെടുത്ത ജൈവ കീടനാശിനികളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിന് 15 ലക്ഷം രൂപ വിനിയോഗിച്ചു വരുന്നു. 2014-15 വർഷത്തിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സേഫ്റ്റു ഈറ്റ് എന്ന പദ്ധതിയ്ക്കുമായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ജൈവ കൃഷി വ്യാപനത്തിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ കാമ്പയിനുകൾ സംഘടിപ്പിക്കുന്നതിനുള്ള പരിപാടിക്ക് രൂപം നൽകുമോ; | ബി) | ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും 2013-14-ൽ ബോധവത്ക്കരണ കാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലേയ്ക്ക് ജൈവ കൃഷി വ്യാപിപ്പിക്കുമ്പോൾ പഞ്ചായത്ത് തല കാമ്പയിനുകൾ നടത്തുന്നതാണ്. |
| സി) | മികച്ച ജൈവ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേകമായ പുരസ്കാരം ഏർപ്പെടുത്തുമോ? | സി) | 14.05.2014 ലെ സർക്കാർ ഉത്തരവ് (എം.എസ്)104/14/കൃഷി പ്രകാരം മികച്ച ജൈവ കർഷകന് സംസ്ഥാന ഗവൺമെന്റ് അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ